# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.107 09-06-2014-ൽ മറുപടിക്ക്

## അബ്കാരി നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) അബ്കാരി നിയമപ്രകാരം കഴിഞ്ഞ 5 വർഷമായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) എക്സൈസ് വകുപ്പ് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ (2009-2013 വരെയുള്ള കാലയളവിൽ) 55,388 അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ ഈ വർഷം മേയ് 31 വരെ 5,358 അബ്കാരി കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>ആഭ്യന്തര വകുപ്പ് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 2,01,966 അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഓരോ വർഷവും രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണവും സ്വഭാവവും വിശദമാക്കുമോ; | (ബി) പൊതുസ്ഥലത്തുള്ള മദ്യപാനം, നിയമവിരുദ്ധമായ മദ്യ ഉല്പാദനം, വിതരണം, സ്പിരിറ്റ് കടത്തൽ, വ്യാജമദ്യ ഉല്പാദനവും വിതരണവും അബ്കാരി ആക്ടിന്റെ പരിധിയിൽ വരുന്ന മറ്റ് നിയമ വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയാണ് കേസുകളുടെ പൊതുവായ സ്വഭാവം.<br>എക്സൈസ് വകുപ്പും, ആഭ്യന്തര വകുപ്പും രജിസ്റ്റർ ചെയ്ത കേസുകളുടെ, വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| വർഷം | കേസുകളുടെ എണ്ണം (എക്സൈസ്) | കേസുകളുടെ എണ്ണം (ആഭ്യന്തരം) |
|---|---|---|
| 2009 | 8616 | 20213 |
| 2010 | 8338 | 37896 |
| 2011 | 10458 | 42747 |
| 2012 | 15043 | 52282 |
| 2013 | 12933 | 48828 |
| ആകെ | 55388 | 201966 |
| 31-05-2014 വരെ | 5358 | |

| | | | |
|---|---|---|---|
| (സി) | എക്സൈസ് വകുപ്പിൽ വിവിധ വിഭാഗങ്ങളിലായി എത്ര ജീവനക്കാരുണ്ട്; | (സി) | 5112 ജീവനക്കാരുണ്ട്. |
| (ഡി) | പ്രസ്തുത വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കൂടുതൽ ജീവനക്കാർ ആവശ്യമുണ്ടെങ്കിൽ ആയതിലേക്ക് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ഡി) | ഈ സർക്കാർ അധികാരമേറ്റശേഷം എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 62 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ